1911
28/11/20

നം. ജി1/2/2020-തൊഴിൽ

തൊഴിലും നൈപുണ്യവും (ജി)വകുപ്പ്,
തിരുവനന്തപുരം,
തീയതി : 22/01/2020

## നോട്ടീസ്

തൊഴിലും നൈപുണ്യവും വകുപ്പ് കേരള ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥർക്കും പത്താം ക്ലാസ് മുതൽ ബിരുദതലം വരെ പഠിക്കുന്ന അവരുടെ കുട്ടികൾക്കുമായി ഒരു ഏകദിന കരിയർ ഗൈഡൻസ് ശില്പശാല 2020 ജനുവരി-ഫെബ്രുവരി മാസങ്ങളിൽ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന നടത്തുവാൻ ഉദ്ദേശിക്കുന്നു.

ഉന്നത ബിരുദ ബിരുദാനന്തര കോഴ്സുകൾ തെരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, സ്ഥാപനങ്ങൾ, പ്രവേശന രീതി, പഠന കോഴ്സുകൾ തെരഞ്ഞെടുക്കുമ്പോൾ കുട്ടികളുടെ അഭിരുചിയും താൽപ്പര്യവും പരിഗണിക്കേണ്ടതിന്റെ പ്രാധാന്യം, രക്ഷകർത്താക്കളുടെയും കുട്ടികളുടെയും താൽപര്യം വിഭിന്നമാകുമ്പോൾ കോഴ്സുകൾ എങ്ങനെ തെരഞ്ഞെടുക്കാം, സിവിൽ സർവ്വീസ്, കെ.എ.എസ് പരീക്ഷകൾക്ക് തയ്യാറെടുക്കൽ , സൈക്കോമെട്രിക് അനാലിസിസ് തുടങ്ങിയ വിഷയങ്ങളാണ് ഈ ശില്പശാലയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. താല്പര്യമുള്ള ഉദ്യോഗസ്ഥർക്ക് പേര്, വകുപ്പ്, മൊബൈൽ നമ്പർ, കുട്ടിയുടെ പേര്,പഠിക്കുന്ന ക്ലാസ് തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടെ 0471 – 2518995 എന്ന ഫോൺ നമ്പർ മുഖേനയും labourgdepartment@gmail.com എന്ന ഇ മെയിൽ വിലാസം മുഖേനയും തൊഴിലും നൈപുണ്യവും (ജി) വകുപ്പിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

പ്രോഗ്രാം തീയതിയും സ്ഥലവും ഉൾപ്പെടെയുള്ള വിശദമായ ഷെഡ്യൂൾ പിന്നീട് അറിയിക്കുന്നതാണ്.

LEEMA MANUEL
അഡിഷണൽ സെക്രട്ടറി

To
Web & New Media.